# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 302 — 09.04.2013-ൽ മറുപടി നൽകേണ്ടത്

## സേവനങ്ങളുടെ ലിസ്റ്റ് വില്ലേജാഫീസിൽ പ്രദർശിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം.പി.വിൻസെന്റ്<br>ശ്രീ കെ.മുരളീധരൻ<br>ശ്രീ ഷാഫി പറമ്പിൽ<br>ശ്രീ ഐ.സി.ബാലകൃഷ്ണൻ | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന സേവനങ്ങളും അവയ്ക്കുള്ള മാനദണ്ഡങ്ങളും വില്ലേജ് ഓഫീസുകളിൽ പ്രദർശിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന സേവനങ്ങളും അവയ്ക്കുള്ള മാനദണ്ഡങ്ങളും വില്ലേജാഫീസുകളിൽ പ്രദർശിപ്പിച്ചുവരുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) സേവനങ്ങൾ സമയബന്ധിതമായും സുതാര്യമായും വേഗത്തിലും ലഭ്യമാക്കുകയും റവന്യൂ വകുപ്പിൽ നിന്നും ഓരോ പൗരനും ലഭിക്കേണ്ടുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുകയുമാണ് ഉദ്ദേശ്യലക്ഷ്യം. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും സേവനങ്ങളെയും സംബന്ധിച്ച വിവരങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്? | (ഡി) പ്രസ്തുത ലിസ്റ്റ് പ്രദർശിപ്പിക്കുന്നതിനായി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ